കേരളത്തിലെ വിവിധ ജനകീയ സമരങ്ങളുടെ പ്രശ്നങ്ങളും സാധ്യതകളും വിലയിരുത്തിക്കൊണ്ട്, അവയിൽ നിന്നും കാതിക്കുടം സമരം പഠിക്കേണ്ട പാഠങ്ങൾ എന്തെല്ലാമാണെന്ന് നിരീക്ഷിക്കുന്നു **ഡേവിസ് വളർക്കാവ്**

# കാതിക്കുടം ഒരു പാഠഭാഗം

കഴിഞ്ഞലക്കം തുടർച്ച

ആക്ഷൻ കൗൺസിൽ രൂപീകരിക്കപ്പെട്ടശേഷം നാട്ടുകാർക്കിടയിൽ വർദ്ധിച്ച തോതിൽ ആത്മവിശ്വാസം ഉയർന്നിട്ടുണ്ട്. വിശ്വസ്തരായ, സുപരിചിതരായ നേതൃത്വനിരയാണ് ഇതിന് പ്രധാന കാരണം. എന്നാൽ സംഘടനാശേഷി ഇനിയും ചിട്ടപ്പെടുത്തിയെടുക്കേണ്ടതിനാൽ ആയതിന് നേതൃത്വം പക്വതയാർന്ന സമീപനങ്ങൾ കൈകൊള്ളുകതന്നെ വേണം. ഇക്കാര്യത്തിൽ പ്രവൃത്തിപരിചയം കുറവായതിനാൽ സാവകാശം വേണ്ടിവന്നേക്കാം. എങ്കിലുമത് ഭാവിയിൽ പരിഹരിക്കാൻ ഒരു കരുതൽ വേണം. വ്യത്യസ്ത സമരങ്ങളുടെ അനുഭവങ്ങളിലൂടെ ഒന്ന് കടന്നുപോകുന്നത് അതിനാൽ വളരെ നന്നായിരിക്കും. ഇത്തരം നിരീക്ഷണം കൊണ്ട് സമരങ്ങൾ അനുകരിക്കാനല്ല, തങ്ങളുടെ പരിമിതികളും സാദ്ധ്യതകളും തിരിച്ചറിയാൻ ആക്ഷൻ കൗൺസിലിന് സാധിക്കും.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മൂന്ന് സുപ്രധാന ധാരകൾ ഉണ്ടായിരുന്നു. ഗാന്ധിജിയുടെ അഹിംസാത്മകത പ്രഖ്യാപിച്ച സ്വരാജിന്റെ ധാര. സവർക്കറുടെ മതപരമായ ഹിന്ദുരാഷ്ട്രധാര. ഭഗത് സിംഗിന്റെ സാഹസികമായ സമതയുടെ മറ്റൊരു ധാര. ഇവ ചരിത്രത്തിന് മാറ്റിവെക്കാനാവില്ല. എന്നാൽ ഇതിലേതു ധാരയാണ് സ്വീകാര്യമെന്ന് ഇക്കാലത്തെ സമരനേതൃത്വത്തിന് തീരുമാനത്തിലെത്താനാകും. അങ്ങിനെ ആക്ഷൻ കൗൺസിൽ അതിന്റെ നയത്തെ കണ്ടെത്തുന്നത് വളരെ അത്യാവശ്യമാണെന്ന് തോന്നുന്നു. അഹിംസാത്മകമായ ധാരയെങ്കിൽ കമ്പനി പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന മുസ്ലീം ഭീകരർ എന്നതും, മാവോവാദികൾ എന്നതും വെറും ചീട്ടുകൊട്ടാരമായി മാറും. പുറംലോകത്തിന്റെ പിന്തുണ വർദ്ധിക്കാനും ഇടവരുത്തും. പോലീസിന്റെ ഇടപെടൽ കുറയും. ഇതിന്റെ താക്കോൽ ആക്ഷൻ കൗൺസിലിന്റെ കയ്യിലാണ്.

ഇനി സമീപകാലത്തു നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ സമരങ്ങളെ ഒന്ന് നിരീക്ഷിക്കുന്നത് നന്നായിരിക്കും. കാതിക്കുടത്തിന് സമാനമായതും അല്ലാത്തതുമായ പ്രശ്നങ്ങളാണെങ്കിലും ചില പാഠങ്ങൾ ഇവയിൽനിന്ന് പഠിക്കാൻ കഴിയും. അതിനുമുൻപ് ഒരു മുന്നൊരുക്കം ആവശ്യമാണ്. അതിന് ശ്രമിക്കാം. 1959-ൽ നടന്ന വിമോചന സമരത്തിനുശേഷം വലതുപക്ഷമോ എ.കെ.ജി.യുടെ കാലത്തെ മിച്ചഭൂമി സമരത്തിനുശേഷം ഇടതുപക്ഷമോ എടുത്തുപറയാവുന്ന ഒരു സമരവും നടത്തിയിട്ടില്ല എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ഈ കാൽനൂറ്റാണ്ട് കേരളീയ സമൂഹം നിശ്ചലമാ



യിരുന്നോ? ഇവിടെ വിവിധ രംഗങ്ങളിൽ പുത്തൻ ഉണർവ്വുകൾ ഉണ്ടായി വന്നത് സാമൂഹ്യപ്രസ്ഥാനങ്ങളിൽ നിന്നാണ്. നേരിട്ട് കക്ഷിരാഷ്ട്രീയം ഇല്ലാതിരിക്കുകയും, എന്നാൽ സൂക്ഷ്മവും സമഗ്രവുമായ രാഷ്ട്രീയതിരിച്ചറിവ് സമൃദ്ധമായിരിക്കുകയും ചെയ്ത വ്യക്തികളും ഗ്രൂപ്പുകളുമായിരുന്നു ഇതിന്റെ ഊർജ്ജസ്രോതസ്സ്. ഒപ്പം ദുരിതബാധിതരും ഇരകളും.

പരിസ്ഥിതി, സ്ത്രീനീതി, മനുഷ്യാവകാശം, അസംഘടിതരുടെ സംഘടനകൾ, മത്സ്യതൊഴിലാളിസംഘങ്ങൾ, ആദിവാസിസംഘങ്ങൾ, പാചകതൊഴിലാളിപ്രസ്ഥാനം, വീട്ടുവേലക്കാരുടെ കൂട്ടായ്മകൾ ഇത്യാദി സംഘങ്ങൾ സജീവമായത് സാമൂഹ്യപ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ വഴിയാണ്. അതുപോലെ പരിസ്ഥിതി സംരക്ഷണം, പ്രകൃതി ചികിത്സ, ജൈവകൃഷി, സാന്ത്വനചികിത്സ, ആൾട്ടർനേറ്റീവ് മെഡിസിൻ എന്നിവയും സാമൂഹ്യപ്രസ്ഥാനങ്ങളുടെ ഭാഗത്തുനിൽക്കുന്ന പ്രസ്ഥാനങ്ങളാണ്.

ഇന്ന് ഒരു പ്രദേശത്ത് സമരം നടക്കുമ്പോൾ പാരമ്പര്യം പറയുന്ന പ്രമുഖ രാഷ്ട്രീയപ്രസ്ഥാനങ്ങൾ മറുചേരിയിലാണ്. 1964-ൽ രാഷ്ട്രീയം പറഞ്ഞ് തെറ്റിപ്പിരിഞ്ഞപ്പോൾ തൊഴിലാളിവർഗ്ഗം പറഞ്ഞിരുന്നവർ വർഗ്ഗത്തെ ഭിന്നിപ്പിച്ച് ട്രേഡ് യൂണിയൻ പലതും ഉണ്ടാക്കി തൊഴിലാളിയെ ഭിന്നിപ്പിച്ചത് ഇന്ത്യൻ തൊഴിലാളിവർഗ്ഗ ചരിത്രത്തിൽ നാം കാണുന്നതാണ്. മാർക്സിന്റെ തൊഴിലാളി തന്റെ വർഗ്ഗത്തിന്റെ മാത്രമല്ല ചൂഷകവർഗ്ഗത്തിന്റെയും രക്ഷകനാണ്. ഇതിന്റെ അർത്ഥമറിയാത്ത പണിയെടുക്കാത്ത ട്രേഡ് യൂണിയൻ കങ്കാണിമാർ തൊഴിലാളികളെ ആട്ടിത്തെളിക്കുന്നത് എങ്ങോട്ടാണ് ? ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ മഹത്തായ മാതൃക സൃഷ്ടിച്ച ശങ്കർഗുഹാ നിയോഗിയേയോ, സുനിൽ ബനീ വാലയേയോ അറിയുന്ന എത്ര നേതാക്കളുണ്ട് ഇവരുടെ കൂട്ടത്തിൽ. ഇവരെ അറിയാത്ത തൊഴിലാളികളാണ് നമുക്കിടയിൽ അധികവും. ട്രേഡ് യൂണിയനുകൾ സാമൂഹ്യപ്രസ്ഥാനങ്ങളായി മാറുന്ന കാലത്തേ ഇനിയിവർക്ക് ചരിത്രത്തിലിടമുള്ളൂ. തൊഴിലാളികളെ അവകാശം ഉന്നയിക്കുന്നവരുടെ, ദുരിതബാധിതരുടെ സമരങ്ങളെ തകർക്കാൻ ഉള്ള കരുക്കളായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ് പ്രബുദ്ധ കേരളത്തിൽ. ഇതുതന്നെയാണ് ബൂർഷ്വാസിയും ചെയ്യുന്നത്, ട്രേഡ് യൂണിയനിസ്റ്റും ഈ കിടക്ക തന്നെയാണ് പങ്കിടുന്നത്. അനേകം സ്ഥലങ്ങളിൽ ഇതിന്റെ ഉദാഹരണം കാണാം.

ഒരു കൈകൊണ്ട് മറുകൈയിൽ അടിക്കുന്നത് ഈ തൊഴിലാളികൾ തിരിച്ചറിയുന്നില്ല. അത്രക്കും വിധേയത്വം പാർട്ടികളോടും യൂണിയനുകളോടും നേതാക്കളോടും ഇവർക്ക് വന്നുകഴിഞ്ഞു. ഒരു വർഗ്ഗം എന്ന നിലയിലുള്ള പ്രാഥമിക ബോധം പോലും പുതിയകാലത്ത് മതിയാകാതിരിക്കേ അതുപോലും തൊഴിലാളികളിൽനിന്ന് നേതാക്കൾ പിടിച്ചെടുത്തതാണ് കഷ്ടാൽ കഷ്ടം. സാമ്രാജ്യത്വ-മുതലാളിത്ത-ജന്മിത്വ-പൗരോഹിത്യ-ട്രേഡ് യൂണിയൻ കൂട്ടുകെട്ടാണ് ഇവരുടെ ശൈലി കടമെടുത്താൽ ഇവർക്ക് ചേരുന്ന സംബോധന. നേതാക്കൾ സ്വിച്ചിടുമ്പോൾ പ്രതികരിക്കുകയും ഓഫാക്കുമ്പോൾ പ്രതികരിക്കാതിരിക്കുകയും ചെയ്യുന്ന വിധേയരാണ് ഇന്നത്തെ തൊഴിലാളികളും യുവജനങ്ങളും. ഇത് ഇവർ തിരിച്ചറിയുന്നുണ്ടോ ആവോ?

ഇനി നമുക്ക് വിവിധ സമരമുഖങ്ങളിലൂടെ ഒരു ഹ്രസ്വയാത്ര നടത്താം.

**ചെങ്ങറ സമരം**

ചെങ്ങറയിൽ നിന്ന് പഠിക്കാവുന്നത് ദീർഘകാലസമരത്തിന്റെ തയ്യാറെടുപ്പുകളെയാണ്. പിന്നെ, ത്യാഗസന്നദ്ധതയും അഹിംസാത്മകതയും ആയിരുന്നു ഒരു സവിശേഷത. ഉപരോധത്തെ കഷ്ടപ്പാട് കൊണ്ടാണ് ഇവർ നേരിട്ടത്.എതിരാളിയെ അക്രമിക്കാനല്ല സ്വയം ആത്മാഹുതിക്കാണ് ഇവർ ഒരുങ്ങിയത്. ഒരേ തൂവൽപക്ഷികൾ ഒരേ മരത്തിൽ ചേക്കേറുമെന്നപോലെ രാഷ്ട്രീയപാർട്ടികളെല്ലാം ഭൂരഹിതർക്ക് എതിരായിരുന്നു. രാഷ്ട്രീയപാർട്ടികൾ അവരുടെ തൊഴിലാളിസംഘബലം സമരത്തിനെതി

**ചെങ്ങറയിൽ നിന്ന് പഠിക്കാവുന്നത് ദീർഘകാലസമരത്തിന്റെ തയ്യാറെടുപ്പുകളെയാണ്. പിന്നെ, ത്യാഗസന്നദ്ധതയും അഹിംസാത്മകതയും ആയിരുന്നു ഒരു സവിശേഷത. ഉപരോധത്തെ കഷ്ടപ്പാട് കൊണ്ടാണ് ഇവർ നേരിട്ടത്. എതിരാളിയെ അക്രമിക്കാനല്ല ആത്മാഹുതിക്കാണ് ഇവർ ഒരുങ്ങിയത്**

**നീണ്ടനാളത്തെ സമരമായിരുന്നു മുരിയാട്. കാർഷികരംഗത്ത് പല പ്രശ്നങ്ങളും ഉയർത്തിക്കൊണ്ടുവരാൻ ഈ സമരത്തിന് കഴിഞ്ഞു. സ്ത്രീസാന്നിദ്ധ്യം ഉണ്ടായില്ല എന്നത് ഈ സമരത്തെ പരിമിതപ്പെടുത്തി. പോലീസ്രാജ് മുരിയാട് അനുവദിക്കപ്പെട്ടില്ല എന്നത് കാതിക്കുടത്തിന്റെ ശ്രദ്ധയിൽവരേണ്ടതാണ്. അതിന്റെ രസതന്ത്രം നാം പഠിക്കേണ്ടിയിരിക്കുന്നു**



രെ ഉപയോഗിച്ചുവെന്നത് കാതിക്കുടംകാരുടെ പ്രത്യേക ശ്രദ്ധ പതിയേണ്ട വിഷയമാണ്. ആദ്യം ഈ കാർഡ് കാതിക്കുടത്ത് ഇറക്കിയതാണ്. 'തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകി കമ്പനി അടച്ചുപൂട്ടുക' എന്ന മുദ്രാവാക്യം ആക്ഷൻ കൗൺസിൽ മുന്നോട്ട് വെച്ചപ്പോൾ ട്രേഡ് യൂണിയനിസ്റ്റുകളുടെ കാറ്റ്പോയി. എങ്കിലും വാങ്ങിയ കാശിന് പണി ചെയ്യാനായി ഇടക്കിടെ വഴക്കുംവക്കാണവും കേസും സമരവും പ്രകടനവും തൊഴിലാളികളെക്കൊണ്ട് വയറ്റിപ്പിഴപ്പ് യൂണിയനുകൾ ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് ശ്രദ്ധയോടെ നിരീക്ഷിക്കണം. ഗുണ്ടകൾക്ക് കടന്നുവരാനുള്ള ഇടമൊരുക്കൽ, പല ഭാഗങ്ങളിൽനിന്നും ആളെ ഇറക്കുമതി ചെയ്യൽ, നേതാക്കളെ തേജോവധം ചെയ്യൽ എന്നിവ ഇവരുടെ സ്ഥിരം കലാപരിപാടികളിൽ ചിലതാണ്. ഇക്കാര്യത്തിൽ നിരന്തര ജാഗ്രത വേണ്ടിവരും. കമ്പനിക്ക് വേണ്ടിയുള്ള കളികളാണിത്. രാഷ്ട്രീയപാർട്ടികൾ അവിടേയും ഇവിടേയും ഒന്നാണ്. വ്യക്തികളെ മാറുന്നുള്ളൂ. ഇവരുടെ ട്രാക്കിൽ നാം വീണുപോകരുത്. കമ്പനി ഒരുക്കുന്ന അജണ്ടയിൽ നാം കരുക്കളാകാതെ നോക്കണം. തൊഴിലാളികളുമായി ഒരു പാലം സാധ്യമാക്കണം. അനുഭവിക്കുന്ന ദുരിതത്തിന് കാശ് കിട്ടുന്നു എന്നുള്ള വ്യത്യാസമേ ഉള്ളൂ. അവരും ദുരിത ബാധിതരാണ്. നർമദാ സമരത്തിന് ഡാം തൊഴിലാളികളുടെ യൂണിയൻ പിന്തുണയായണെന്ന മഹത്തായ മാതൃക ഇവരെ പഠിപ്പിക്കണം. കമ്പനി മൂടുതട്ടിപ്പോകുമ്പോൾ തൊഴിലാളിക്ക് ജീവനാംശം കൊടുക്കാൻ പറയാൻ നമ്മളെ കാണൂ എന്ന് അവരെ ബോധ്യപ്പെടുത്തണം.

## മുരിയാട് സമരം

നീണ്ടനാളത്തെ സമരമായിരുന്നു മുരിയാട്. കാർഷികരംഗത്ത് പല പ്രശ്നങ്ങളും ഉയർത്തിക്കൊണ്ടുവരാൻ ഈ സമരത്തിന് കഴിഞ്ഞു. സ്ത്രീസാന്നിദ്ധ്യം ഉണ്ടായില്ല എന്നത് ഈ സമരത്തെ പരിമിതപ്പെടുത്തി. പോലീസ് രാജ് മുരിയാട് അനുവദിക്കപ്പെട്ടില്ല എന്നത് കാതിക്കുടത്തിന്റെ ശ്രദ്ധയിൽ വരേണ്ടതാണ്. അതിന്റെ രസതന്ത്രം നാം പഠിക്കേണ്ടിയിരിക്കുന്നു. കാരണം, പോലീസ് രാജ് കാതിക്കുടത്ത് നടത്താൻ കമ്പനി പണിയെടുക്കും. തൊഴിലാളികളെയും പോലീസിനെയും വാടകഗുണ്ടകളെയും മുന്നിൽ നിറുത്തിയാണ് നിറ്റാജലാറ്റിൻ കളിക്കുക. കാതിക്കുടത്ത് ഒരു സ്ഥിരം പോലീസ് എയ്ഡ്പോസ്റ്റ് കമ്പനി മോഹിക്കുന്നതാണ്. അതിനുള്ള പ്രകോപനങ്ങൾ അവർ നടത്തിക്കൊണ്ടിരിക്കും. പിടികൊടുക്കാതിരിക്കുക എന്നത് ഏറെ ശ്രമകരമാണ്. എന്നാൽ അത് സമരത്തിന്റെ വിജയത്തെ സഹായിക്കും. പോലീസ് രാജ് അനുവദിക്കപ്പെടരുത്. കാക്കി രക്ഷകരുടേതാണ്. അതിനപ്പുറം കാക്കിക്ക് നമ്മുടെ സാമൂഹ്യജീവിതത്തിൽ റോളില്ല. കാക്കിക്കുള്ളിലെ കള്ളനാണയങ്ങളെ അനാവശ്യമായ ഇടപെടലുകൾ നടത്താൻ അനുവദിക്കരുത്. മനുഷ്യാവകാശ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് പോലീസ് ബില്ല് ചർച്ച ചെയ്യേണ്ടതും, പോലീസിന്റെ റോളും പൗരന്റെ അവകാശവും ഓരോരുത്തരും പഠിച്ചിരിക്കേണ്ടതുമാണ്. ജനമൈത്രി പോലീസ് സാധ്യതയുണ്ടെങ്കിൽ പരീക്ഷിക്കാവുന്നതാണ്. ശരിയായ രീതിയിലല്ല എങ്കിൽ പോലീസ് അവരുടെ ജോലി ചെയ്യട്ടെ. നമുക്ക് നമ്മുടെ ജോലിയും. പോലീസിന് ശിക്ഷിക്കാൻ അവകാശമില്ല. കുറ്റവാളിയാണോ ശിക്ഷിക്കണോ എന്നൊക്കെ തീരുമാനിക്കുന്നത് കോടതിയാണ്. കോടതിയുടെ ജോലി പോലീസ് ചെയ്യേണ്ടതില്ല എന്ന് ധൈര്യമായി ആക്ഷൻ കൗൺസിലിന് വിളിച്ചുപറയാം. മാത്രമല്ല കമ്പനിക്കുവേണ്ടി പക്ഷപാതിത്വം കാട്ടരുത് എന്നും.

മുരിയാട് തിരഞ്ഞെടുപ്പിൽ ശ്രദ്ധേയമായ ഇടപെടൽ ഉണ്ടായെങ്കിലും ആശയവ്യക്തതയില്ലായ്മയാൽ ഫോളോ അപ്പ് ചെയ്യാനായില്ല എന്ന പാഠം കാതിക്കുടത്തുകാർ തിരിച്ചറിയേണ്ടതാണ്. ഇവിടെ ചില വഴികൾ കാതിക്കുടത്തുകാർ തന്നെ കണ്ടെത്തണം. കഴിഞ്ഞ ലക്കത്തിൽ ചിലതു സൂചിപ്പിച്ചത് വായനക്കാർ ഓർക്കുമല്ലോ? തിരഞ്ഞെടുപ്പിന്റെ തുടർച്ചകൾ ഉണ്ടാകേണ്ടതുണ്ട്.

## കൈനൂർ സമരം

കന്നുകാലിവികസന ബോർഡിന്റെ പന്നിഫാമിനെതിരായ സമരത്തിൽ സ്ത്രീ സാന്നിദ്ധ്യം സജീവമായിരുന്നതാണ്. രാഷ്ട്രീയക്കാർ ആരംഭത്തിൽ മാറിനിന്നു. സമരം ശക്തമായപ്പോൾ കയറിക്കൂടി ആധിപത്യം ഉറപ്പിച്ചു. സാമൂഹ്യപ്രവർത്തകരും എഴുത്തുകാരും രാഷ്ട്രീയക്കാരെ പിണക്കാതെ സമരനേതൃത്വം പങ്കിട്ടു. അക്കാലത്തെ തിരഞ്ഞെടുപ്പിൽ നിന്നു വിട്ടുനിന്നതിന്റെ ഫലമായി ആക്ഷൻ കൗൺസിൽ ചിതറിപ്പോയി. ദുരിതബാധിതരായ പ്രാദേശിക നിവാസികളും, ആദ്യം സമരത്തിനിറങ്ങിയ സ്ത്രീകളും വെള്ളംകോരികളും വിറകുവെട്ടികളുമായി മാറ്റപ്പെട്ടു. വോട്ട് രാഷ്ട്രീയക്കാർക്കും, പ്രശസ്തി എഴുത്തുകാർക്കുമായി പങ്കിട്ടു. പന്നിഫാം പോയി. ഫാമിനുപകരം എന്താണെന്നുപറയാൻ ആളുണ്ടായില്ല. ബിഎസ്എഫ്. കേന്ദ്രമാണ് വന്നിരിക്കുന്നത്. ഇതിൽനിന്ന് കാതിക്കുടത്തിന് പലതും പഠിക്കാനുണ്ട്. പുറമെനിന്നുള്ള അധികരിച്ച ഇടപെടലിന് നിയന്ത്രണം വേണം. തിരഞ്ഞെടുപ്പുതന്ത്രം നമ്മുടെ ശരിയായിരുന്നു എന്ന് സ്വന്തം അനുഭവം. രാഷ്ട്രീയക്കാർ സമരം ഹൈജാക്ക് ചെയ്യാൻ സാധ്യതയുണ്ട്. ഇതാവാം കൈനൂരിന്റെ ഒരു പാഠം. സമരശേഷം മുഷ്ക്കിന്റെ അവശിഷ്ടം കൈനൂരിൽ അടിഞ്ഞുകൂടി സാമൂഹ്യവിരുദ്ധതയായിക്കൊണ്ടിരിക്കുകയാണ്. ഇതൊരു പരാജയമാണ്.

## ലാലൂർ

കാലാകാലങ്ങളിലായി നടന്നുവരുന്ന സമരത്തിന് ദുരിതബാധിതരുടെ സജീവമായ പങ്കാളിത്തം ഉറപ്പാക്കാനായില്ല. ലാലൂർക്കാർക്ക് കക്ഷിരാഷ്ട്രീയം തലക്ക് പിടിച്ചുപോയി. പലപ്പോഴും നഗരത്തിലെ ആക്ടിവിസ്റ്റുകളുടെ സ്പോൺസേർഡ് സമരമായി. മാധ്യമങ്ങളാണ് സമരം നിലനിറുത്തുന്നത്. പരിഹാരസാധ്യത കണ്ടറിയണം. രാഷ്ട്രീയക്കാരെ മാലിന്യപ്രശ്നം പഠിപ്പിച്ചു എന്ന വലിയ പാഠം ലാലൂരിനുണ്ട്. ലാലൂർകാർക്ക് വിധിച്ചതേ കിട്ടൂ.

## ശാന്തിപുരം

ഈ സമരത്തിൽ സഹകരിപ്പിക്കാത്ത വിഭാഗങ്ങളില്ല. തുറവിയുടെ സാധ്യത അങ്ങേയറ്റം പ്രയോജനപ്പെടുത്തി. ആദ്യം മുതലേ അഹിംസാത്മക സമരമായി പ്രഖ്യാപിക്കപ്പെട്ടു. കുറുക്കുവഴിളിലൂടെ സഞ്ചരിക്കാതെ ദീർഘകാലം സമരം ചെയ്യാൻ ക്ഷമാപൂർവ്വം ഒരുങ്ങുകയായിരുന്നു. ജനസമ്മതിയുള്ള ഒരു നേതൃനിരതന്നെ ഇതിന് ചുക്കാൻ പിടിച്ചുകൊണ്ടിരുന്നു. സ്ത്രീകളുടെ സജീവ പങ്കാളിത്തം സമരത്തിന് ഗുണം ചെയ്തു. ഇവിടെയും കാതിക്കുടത്തിന് പലതും പഠി

ക്കാൻ കാണും.

## നർമ്മദ

ഇരുപത്തഞ്ചു വർഷമായി തുടരുന്ന സമരം. ആഴത്തിലും പരപ്പിലും അതിന്റെ വേരുകളാഴ്ത്തുന്നു. സമരം ചെയ്യുന്നതുതന്നെ വിജയമാണെന്ന പാഠം ഈ സമരം തരുന്നു. പ്രവൃത്തി വിഭജനം സ്വീകരിക്കുന്നു. കൂട്ടുത്തരവാദിത്വത്തിൽ പ്രവർത്തിക്കുന്നു. സ്ത്രീകൾ നേതൃത്വം നൽകുന്നു. വികസനമെന്നത് ആരുടെ ചെലവിൽ ആർക്ക് വേണ്ടി എന്നത് ലോകത്തോട് നിരന്തരം ചോദിച്ചുകൊണ്ടിരിക്കുന്നു. വികസനത്തിന്റെ പേരിലുള്ള വിനാശം ആരാണ് ഏറ്റെടുക്കുകയെന്ന് പറയാൻ വികസനവാദികളെ നിർബന്ധിപ്പിക്കുന്നു. ഇപ്പറഞ്ഞതിൽ നിന്നും കാതിക്കുടം സമരത്തിന് ചിലതുൾക്കൊള്ളാൻ കണ്ടേക്കാം.

## സാധ്യതകൾ

സ്ത്രീശക്തി ഇനിയും വ്യാപകമായി നേതൃത്വത്തിലേക്ക് ഉയർത്തപ്പെടേണ്ടതുണ്ട്. കലാസമിതികൾക്ക് തൊട്ടപ്പുറമുള്ള ഒരു തലത്തിലെ പ്രവർത്തനമാണ് ആക്ഷൻ കൗൺസിലിന്റെ സംഘടനാരീതിയിൽ അധികവും. കുറേക്കൂടി ആഴത്തിലും പരപ്പിലും ആകണം ആക്ഷൻ കൗൺസിൽ. ആഹ്വാനം ചെയ്യുന്ന രാഷ്ട്രീയരീതി അവലംബിക്കാതെ നോക്കണം. കൂട്ടായ്മകളും വിയോജിപ്പുകളും പങ്കുവെയ്ക്കാൻ സന്ദർഭങ്ങളുണ്ടാകണം. പ്രവൃത്തിവിഭജനം വളരെ അത്യാവശ്യമാണ്. അനുഭവം, ആധികാരികപഠനം, കാര്യങ്ങൾ വിശദമാക്കാൻ കഴിവുള്ള ഒരു ഗ്രൂപ്പ് എന്നിവ ഉണ്ടാക്കണം. പരമാവധി ചർച്ചകൾക്കുശേഷം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

തൃശൂർ കേന്ദ്രീകരിച്ച സമരസഹായ സമിതി അവരുടെ സ്വപ്നസമരം കാതിക്കുടത്ത് നടപ്പാക്കാനാണ് ഇഷ്ടപ്പെടുന്നത്. അവർ ഇടയ്ക്കിടെ മീശപിരിക്കും, അത് അവഗണിക്കുക. തിരഞ്ഞെടുപ്പ് സമയത്ത് കയ്യൊഴിഞ്ഞവരെന്ന നിലയിൽ അവഗണിക്കേണ്ടതില്ല. ചെയ്ത സേവനങ്ങൾക്ക് നന്ദിയുള്ളവരായിരിക്കുക. തുടർന്നും സഹകരണം ഉറപ്പാക്കുക. ചാലക്കുടി കേന്ദ്രീകരിച്ച് സമരസഹായ സമിതി വിപുലമായി രൂപം കൊടുക്കാൻ എത്രയും വേഗം ശ്രമിക്കണം.

ആക്ഷൻ കൗൺസിലിന്റെ തുടർ പ്രവർത്തനം, പഠനം, ആരോഗ്യവിഭാഗം, വാർഡ് തല ക്ഷേമസമിതികൾ, നിയമസഹായ വിഭാഗം, കേസുകൾ നടത്തിപ്പ്, മുഴുവൻ സമയപ്രവർത്തകർക്കുള്ള ലെവി, പ്രവർത്തനഫണ്ട് സ്വരൂപിക്കൽ, വാഹന സൗകര്യം, പൊതുസമൂഹ സമ്പർക്കങ്ങൾ, മീഡിയവിംഗ്, മറ്റുവേദികളിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ്, കമ്പനിയെക്കുറിച്ച് ഡാറ്റാശേഖരണം, വെബ്സൈറ്റ്/ബ്ലോഗ്, ഇൻഫർമേഷൻ വിഭാഗം, ഡോക്യുമെന്റേഷൻ, മനുഷ്യാവകാശ കമ്മീഷനിൽ ബന്ധപ്പെടൽ, ജപ്പാൻ എംബസി കണക്ഷൻ, NGIL ഉൽപ്പന്നങ്ങൾ ബഹിഷ്ക്കരിക്കൽ ഇങ്ങനെയിങ്ങനെ പ്രവൃത്തി വിഭജനം നടത്തി എല്ലാവരും കൂടിവേണം സമരം വിജയിപ്പിക്കാൻ.

മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ, ഗ്രാമപഞ്ചായത്തിൽ സമ്മർദ്ദം, ഹിതപരിശോധന, വിവിധ ചികിത്സാ വിദഗ്ധരുടെ ആരോഗ്യക്യാമ്പ്, പുഴ സംരക്ഷണ പദ്ധതികൾ, ശുദ്ധവായുവിനുള്ള വൃക്ഷങ്ങൾ കണ്ടെത്തി നട്ടുവളർത്തൽ, കുട്ടികളുടെ ആരോഗ്യവും ആഹാര രീതികളും–വീട്ടമ്മമാർക്കുള്ള ബോധനം, നാഷണൽ വോട്ടേഴ്സ് ഡേ ആചരണം ഇങ്ങനെ സാധ്യതകൾക്കനുസരിച്ച് എല്ലാവർക്കും സ്വയം ആവിഷ്ക്കരിക്കാനുള്ള വേദികളും സന്ദർഭങ്ങളും ഒരുക്കി പ്രവർത്തകരുടെ കാഴ്ചപ്പാടും ശേഷിയും പുഷ്ടിപ്പെടുത്താൻ ശ്രമിക്കാവുന്നതാണ്. കുട്ടികൂട്ടങ്ങളും കുമാരിസംഘങ്ങളും കൂട്ടത്തിൽ ആകാം.

നിറ്റാജലാറ്റിൻ കെട്ടുകെട്ടിയതിനു ശേഷം ഒരു മുഷ്ക്കിന്റെ കേന്ദ്രമായി കാതിക്കുടം മാറാതിരിക്കാൻ സമരങ്ങളെ സ്ത്രൈണവും സർഗ്ഗാത്മകവും ആക്കേണ്ടതുണ്ട്. തിരഞ്ഞെടുപ്പിനു ശേഷം വിവിധമേഖലകളിൽ നിന്ന് ആക്ഷൻ കൗൺസിലിലേക്ക് ഒഴുക്ക് ഉണ്ടാകാനിടയുണ്ട്. പ്രധാനപ്പെട്ടൊരു മുഹൂർത്തമാണിപ്പോൾ. സമരസംഘങ്ങൾ പുതിയതുപോലും ഉണ്ടാകാനിടയുണ്ട്. ജനാധിപത്യപരമായ സംഘശൈലിയും അഹിംസാത്മകതയും ക്ഷമാപൂർവ്വമായ പ്രവർത്തനവും കൊണ്ടേ കാതിക്കുടത്തിന് ഭാവിയുള്ളൂ. കേരളീയ സമൂഹത്തിന് പറയാൻ ഒട്ടേറെ നല്ല മാതൃകകൾ സംഭാവനചെയ്യാൻ നമ്മെ പ്രാപ്തരാക്കിയതിന് നിറ്റാജലാറ്റിനുകൂടി നന്ദിയുള്ളവരായിരിക്കാൻ തക്ക വളർച്ച നേടാൻ നമുക്ക് കഴിയും. ഒട്ടേറെ മഹത് വ്യക്തികളുടെ പാദസ്പർശമേൽക്കാൻ കാതിക്കുടത്തിന് അവസരം വന്നല്ലോ. നമ്മുടെ പിൻതലമുറ ആ ചരിത്രമെഴുതട്ടെ.

പേര് ദോഷങ്ങൾ വരുത്തി വെക്കാതിരിക്കാൻ ഡോക്യുമെന്ററിയുടെ അനുഭവം ധാരാളം മതി. പുറമെ നിന്നുള്ള സാമൂഹ്യപ്രസ്ഥാനങ്ങൾ ഇനി ധാരാളമായി കാതിക്കുടത്ത് വന്നെത്തും. തങ്ങൾക്ക് നാലാളെ കൂട്ടാനാകില്ലെങ്കിൽ പരിപാടി കാതിക്കുടത്ത് എന്നുള്ളതും തൃശൂർക്കാരുടെ ഒരു ലൈനാണ്. ഫണ്ട് വാങ്ങുന്നവർ, സർക്കാർ ഏജൻസികൾ, സമൂഹത്തിലെ പ്രമാണിമാരുടെ സംഘങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ, മൾട്ടിനാഷണൽ നെറ്റ് വർക്ക് ഇങ്ങനെ പല പലവേഷത്തിലും രൂപത്തിലുമായിരിക്കും വരവ്. വീണുപോകരുത്. നിറ്റാ ജലാറ്റിനെ കെട്ടുകെട്ടിക്കാൻ എങ്ങനെ ഇതു പ്രയോജനപ്പെടുത്താം എന്നതായിരിക്കണം മുഖ്യവിചാരം. പരിപാടികളുടെ ആകർഷണീയതയിൽ, വരുന്ന വി.ഐ.പികളുടെ പ്രഭാവലയത്തിൽ പെട്ടുപോയവരുടെ പ്രവർത്തനങ്ങൾ ചൂറ്റിപ്പോയിട്ടുള്ളതിനും പേരുദോഷത്തിനും ചുറ്റും ഉദാഹരണങ്ങളുണ്ട്. നക്കിക്കൊല്ലുന്ന ഇത്തരം ആൾമാറാട്ടക്കാരെ കരുതൽ വേണം. കൂട്ടത്തിൽ നമ്മുടെ വേണ്ടപ്പെട്ട പലരും കാണും. എന്നാൽ കാഴ്ച മങ്ങരുത്. കാതിക്കുടത്തുകാർ തന്നെ വേണം അവരുടെ സമരം നടത്താൻ എന്ന് മറക്കാതിരിക്കുക. സ്വന്തം വഴികൾ നാം കണ്ടെത്തുക തന്നെ വേണം. നിറ്റാജലാറ്റിൻ അടച്ചുപൂട്ടുകയും നമ്മുടെ ശ്വാസകോശം ശുദ്ധവായുവാൽ നിറഞ്ഞ് രോമാഞ്ചമണിയുകയും ചെയ്യുന്ന സുദിനം എത്രയും വേഗം സമാഗതമാകട്ടെ എന്ന പ്രാർത്ഥനയോടെ, നിറുത്തുന്നു.

## കാതിക്കുടത്ത് പോലീസ് മർദ്ദനം, കള്ളക്കേസ്

കാതിക്കുടം എൻ.ജി.ഐ.എൽ കമ്പിനിയുടെ മാലിന്യപൈപ്പ് പൊട്ടിയത് അടയ്ക്കുവാൻ പോലീസ് സഹായത്തോടെ എത്തിയവരെ തടഞ്ഞ ആക്ഷൺകൗൺസിൽ പ്രവർത്തകരെ പോലീസ് ക്രൂരമായി മർദ്ദിച്ചു. പോലീസും ഗുണ്ടകളും സമരപ്രവർത്തകരെ വേട്ടയാടുകയാണ്. കള്ളക്കേസുകളിൽ കുടുക്കിയും രാത്രി സമയങ്ങളിൽ സ്ത്രീകളും കുട്ടികളും മാത്രമുള്ളപ്പോൾ വീടുകളിൽ വന്ന് ഭീകരത സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് പോലീസ്. കമ്പനി അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് നടക്കുന്ന സമാധാന സമരം പൊതുസമൂഹത്തിന്റെ പിന്തുണതേടുന്നു.
ബന്ധങ്ങൾക്ക്: അനിൽകുമാർ – 9745143069